# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.10.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ദേശീയ സരസ് മേളയുടെ ഉദ്ഘാടനം രാഷ്ട്രപതി ദ്രൗപദി മുർമു അൽപസമയത്തിനകം വിജയവാഡയിൽ നിർവഹിക്കും

President Droupadi Murmu will inaugurate the National SARAS Livelihoods Mela 2026 at Punnami Ghat in Vijayawada today.

2.) പ്രധാനമന്ത്രി നരേന്ദ്ര മോദി, ലഡാക്കിൽ 3,350 കോടി രൂപയുടെ അഞ്ച് സുപ്രധാന വികസന പദ്ധതികൾക്ക് ഇന്ന് തുടക്കം കുറിയ്ക്കും. ലേ വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ രാഷ്ട്രത്തിന് സമർപ്പിക്കും.

PM Modi to inaugurate, dedicate five major development projects worth ₹3,350 crore in Ladakh today. The Prime Minister will inaugurate the New Passenger Terminal Building at Kushok Bakula Rimpochee Airport, Leh, built at 640 crore rupees.

3.) പ്രതിരോധ കയറ്റുമതിയിൽ രാജ്യം വലിയ മുന്നേറ്റം കൈവരിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

India exporting indigenous defence products to nearly 100 countries worldwide: Defence Minister Rajnath Singh

4.) ഇടുക്കിയിൽ വന്യജീവി ആക്രമണം തടയാൻ ജനങ്ങൾ കെട്ടിയ സംരക്ഷണ വേലി വനംവകുപ്പ് പൊളിച്ചു നീക്കിയതുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

Opposition walkout in the Legislative Assembly over the demolition of protective fence built by local residents to prevent wildlife attacks in Idukki.

5.) ഐഎംഎഫ്, ലോകബാങ്ക് വാർഷിക യോഗങ്ങളിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ ബാങ്കോക്കിലെത്തി.

Union Minister for Finance =, Nirmala Sitharaman, arrived in Bangkok today to attend the Annual Meetings of the International Monetary Fund and the World Bank

6.) കേരളത്തിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

The India Meteorological Department has issued an orange alert for heavy rain and thunderstorms in Pathanamthitta, Kottayam, Ernakulam, and Idukki districts today.

*********************

## PREZ-VIJAYWADA

ദേശീയ സരസ് മേളയുടെ ഉദ്ഘാടനം രാഷ്ട്രപതി ദ്രൗപദി മുർമു വിജയവാഡയിൽ അൽപസമയത്തിനകം നിർവഹിക്കും. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും, ആന്ധ്രാപ്രദേശ് സർക്കാരും ചേർന്നാണ് മേള സംഘടിപ്പിരിക്കുന്നത്. കേന്ദ്ര മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ, ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു തുടങ്ങി പ്രമുഖർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് രാഷ്ട്രപതി ആന്ധ്രാപ്രദേശിലെത്തിയത്.

*********************

## PM-LADAKH PROJECTS

പ്രധാനമന്ത്രി നരേന്ദ്ര മോദി, ലഡാക്കിലെ 3,350 കോടി രൂപയുടെ അഞ്ച് സുപ്രധാന വികസന പദ്ധതികൾക്ക് വീഡിയോ കോൺഫറൻസിംഗിലൂടെ തുടക്കം കുറിച്ചു. ലേയിലെ കുശോക് ബകുല റിംപോച്ചെ വിമാനത്താവളത്തിൽ 640 കോടി രൂപ ചെലവിൽ നിർമ്മിച്ച പുതിയ പാസഞ്ചർ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ലേയിലെ നിമ്മുവിൽ നിന്നും സൻസ്കാർ വാലിയിലൂടെ ഹിമാചൽ പ്രദേശിലെ ദർച്ച വരെ നീളുന്ന 298 കിലോമീറ്റർ റോഡ് അദ്ദേഹം രാജ്യത്തിന് സമർപ്പിച്ചു. ഹനു ജലവൈദ്യുത പദ്ധതി, പ്രസരണ ലൈൻ എന്നിവയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. പൗരാണിക ശിലാചിത്ര സംരക്ഷണത്തിനായി ലേ യിലെ സിന്ധിഘട്ടിൽ ഒരുക്കുന്ന രാജ്യത്തെ ആദ്യ പെട്രോഗ്ലിഫ് സംരക്ഷണ പാർക്കും അദ്ദേഹം ഉദ്ഘാടനം ചെയ്തു. ചടങ്ങ് പുരോഗമിക്കുകയാണ്.

*********************

## RAJNATH - DEFENCE CONCLAVE(intro)

ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച പ്രതിരോധ ഉൽപ്പന്നങ്ങൾ ലോകമെമ്പാടുമുള്ള നൂറോളം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ടെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

ന്യൂഡൽഹിയിൽ നടന്ന 'ടൈംസ് നൗ ഡിഫൻസ് കോൺക്ലേവ് 2026'-ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2025-26 കാലയളവിൽ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 39,000 കോടി രൂപയിലധികമായി വർധിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി. ഏത് വെല്ലുവിളിയും നേരിടാൻ ഇന്ത്യൻ സായുധ സേന പൂർണ്ണ സജ്ജമാണെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു. (ഹോൾഡ്)

*********************

## SITHARAMAN - BANGKOK

കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ബാങ്കോക്കിലെത്തി. അന്താരാഷ്ട്ര നാണയ നിധിയുടെയും ലോകബാങ്കിന്റെയും വാർഷിക യോഗങ്ങളിൽ ധനമന്ത്രി പങ്കെടുക്കും. ജി-20, ജി-7 രാജ്യങ്ങളിലെ ധനമന്ത്രിമാരുടെയും, സെൻട്ര ബാങ്ക് ഗവർണർമാരുടെയും യോഗങ്ങളിലും ശ്രീമതി സീതാരാമൻ പങ്കെടുക്കും. യുകെ ചാൻസലർ ഓഫ് ദ എക്സ്ചെക്കർ ജോൺ ഹീലിയുമായി ധനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തി.

*********************

## UAE-JAISHANKAR

മാറിക്കൊണ്ടിരിക്കുന്ന ആഗോള ക്രമത്തെ പ്രതിഫലിപ്പിക്കുന്നതിന്, ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ അടിയന്തര പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. അബുദാബിയിൽ, റെയ്സിന ഡയലോ ഗിന്റെ മിഡിൽ ഈസ്റ്റ് പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനിടെ, യുഎഇ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് അബ്ദുള്ള ബിൻ സായിദ് അൽ നഹ്യാനുമായി ശ്രീ ജയശങ്കർ ഉഭയകക്ഷി ചർച്ച നടത്തി. പ്രാദേശികവും ആഗോളവുമായ വിവിധ വിഷയങ്ങളിൽ ഇരുവരും അഭിപ്രായം പങ്കുവച്ചു.

*********************

## KERALA ASSEMBLY

ഇടുക്കിയിൽ വന്യജീവി ആക്രമണം തടയാൻ ജനങ്ങൾ കെട്ടിയ സംരക്ഷണ വേലി വനംവകുപ്പ് പൊളിച്ചു നീക്കിയത് സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ, നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പന്തടിക്കളം, ശാന്തൻപാറ, ചിന്നക്കനാൽ എന്നിവിടങ്ങളിലെ വേലി പൊളിച്ചു മാറ്റിയതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടെന്ന് പ്രമേയത്തിന് നോട്ടീസ് നൽകിയ പ്രതിപക്ഷ എംഎൽഎ കെ യു ജനീഷ് കുമാർ വ്യക്തമാക്കി. വന്യ ജീവികളുടെ സ്വാഭാവിക സഞ്ചാരപാത സംബന്ധിച്ച റിപ്പോർട്ട് പരസ്യപ്പെടുത്തണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. എന്നാൽ അനധികൃതമായി നിർമിച്ച സോളാർ വേലി നീക്കം ചെയ്യാൻ ഇടുക്കി ജില്ലാ കളക്ടർ ഉത്തരവിടുകയായിരുന്നുവെന്ന് വനംമന്ത്രി ഷിബു ബേബി ജോൺ അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

*********************

## Vice President – Navaratri

നവരാത്രിയോടനുബന്ധിച്ച് കോഴിക്കോട് നടക്കുന്ന നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം നാളെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചിത്രകലാ രംഗത്തെ സമഗ്ര സംഭാവനകൾ മുൻനിർത്തി സർഗ്ഗോത്സവസമിതി ഏർപ്പെടുത്തിയ പ്രഥമ സർഗ്ഗ കേസരി പുരസ്കാരം ആർടിസ്റ്റ് പി.ആർ. രാജേന്ദ്രന് ഉപരാഷ്ട്രപതി സമ്മാനിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ചടങ്ങിൽ സംബന്ധിക്കും.

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ വൈകിട്ട് 4 മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ ഉച്ചയ്ക്കുശേഷം ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച

പൊതുപരീക്ഷകൾക്കും സർവ്വകലാശാല പരീക്ഷകൾക്കും അവധി ബാധകമല്ല.

*********************

## MEA SAUDI ARABIA ADVISORY

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഇന്ത്യൻ പൗരന്മാർ പ്രാദേശിക അധികൃതരുടെ നിർദ്ദേശങ്ങൾ തുടർന്നും പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി റിയാദിലെ ഇന്ത്യൻ എംബസി. വ്യോമാക്രമണം ഉണ്ടായാൽ വീടുകളിൽ തന്നെ കഴിയണമെന്നും, ആക്രമണങ്ങളുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന വീഡിയോകളോ വാർത്തകളോ പ്രചരിപ്പിക്കരുതെന്നും എംബസ്സി അഭ്യർത്ഥിച്ചു. ഈ മാസം 17 വരെ ഇന്ത്യൻ വിമാനക്കമ്പനികൾ സൗദി അറേബ്യയിലേക്കും തിരിച്ചുമുള്ള സർവീസുകൾ നിർത്തി വച്ചിരിക്കുകയാണ്. സൗദിക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ ഇന്ത്യ ശക്തമായി അപലപിച്ചിരുന്നു.

*********************

## SINGAPORE SHIPS- HORMUZ

സിംഗപ്പൂരിൻറെ രണ്ട് കണ്ടെയ്നർ കപ്പലുകൾക്ക് നേരെ ഹോർമുസ് കടലിടുക്കിൽ ആക്രമണം. GFS PRIDE എന്ന കപ്പലിനു തീപിടിച്ചതായും, കേടുപാടുകൾ സംഭവിച്ച രണ്ടാമത്തെ കപ്പൽ സുരക്ഷിതമായി നങ്കൂരമിട്ടതായും സിംഗപ്പൂർ പോർട്ട് അതോറിറ്റി വ്യക്തമാക്കി . രണ്ടുകപ്പലിലെയും ജീവനക്കാർ സുരക്ഷിതരാണ്. മേഖലയിലെ വാണിജ്യ കപ്പലുകൾക്ക് നേരെ നടന്നുകൊണ്ടിരിക്കുന്ന ആക്രമണങ്ങളിൽ പോർട്ട് അതോറിറ്റി ആശങ്ക രേഖപ്പെടുത്തി. അതേസമയം ഗൾഫ്, ഹോർമുസ് കടലിടുക്ക്, ഗൾഫ് ഓഫ് ഒമാൻ എന്നിവിടങ്ങൾ IRGCയുടെയും ഇറാൻ സേനയുടെയും നിയന്ത്രണത്തിലാണെന്ന് IRGC നാവിക കമാൻഡർ അലി അസ്ലായി വ്യക്തമാക്കി .

*********************

## PM SEVA SANKALP RERA (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തി യാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. റിയൽ എസ്റ്റേറ്റ് മേഖലയിൽ സുതാര്യതയും, ഉപഭോക്തൃ അവകാശങ്ങളും സംരംക്ഷിക്കുന്നതിനായി ആരംഭിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി സംരംഭത്തെ കുറിച്ചാണ് , 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പര യിൽ ഇന്ന്.

വിശദാംശങ്ങളിലേയ്ക്ക്

(വോയ്സ്)

*സംസ്ഥാനങ്ങളിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റികളുടെ രൂപീകരണത്തിന് മാർഗ്ഗമൊരുക്കിക്കൊണ്ട് 2016 ലാണ് റിയൽ എസ്റ്റേറ്റ് നിയന്ത്രണ, വികസന നിയമം പാർലമെൻറ് പാസ്സാക്കിയത്. ഇതു പ്രകാരം, റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റുകൾ പരസ്യം ചെയ്യുന്നതിനും, വിൽപന ആരംഭിക്കുന്നതിനും മുൻപായി രേരയിൽ രജിസ്റ്റർ ചെയ്യണം. റിയൽ എസ്റ്റേറ്റ് നിർമാതാക്കൾക്കും, വാങ്ങിയവർക്കുമിടയിലെ തർക്കങ്ങൾ പരിഹരിക്കാൻ രേരയുടെ സംവിധാനങ്ങളിലൂടെ സാധിക്കും. റിയൽ എസ്റ്റേറ്റ് ഇടപാടുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിന് റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

*********************

## UPI - MDR POSTPONE

വാണിജ്യ യുപിഐ ഇടപാടുകൾക്ക് ഇന്നു മുതൽ നടപ്പാക്കാനിരുന്ന 'മെർച്ചന്റ് ഡിസ്കൗണ്ട് റേറ്റ്' ദീപാവലിക്ക് ശേഷം നടപ്പിലാക്കുമെന്ന് നാഷണൽ പേയ്മെന്റ്സ്

കോർപ്പറേഷൻ ഓഫ് ഇന്ത്യ. ഉത്സവകാലം കണക്കിലെടുത്താണ് തീരുമാനം. വ്യക്തികളിൽ നിന്ന് വ്യാപാരികളിലേക്കുള്ള രണ്ടായിരം രൂപയ്ക്ക് മുകളിലെ ഇടപാടുകൾക്കാണ് MDR ഏർപ്പെടുത്തുന്നത്.

*********************

## BENGAL DURGA PUJA

പശ്ചിമ ബംഗാളിൽ ദുർഗാ പൂജ ആഘോഷങ്ങൾക്ക് തുടക്കമായി. സംസ്ഥാനത്തെ 57,000-ലധികം ഇടങ്ങളിലാണ് ദുർഗ്ഗാ പൂജാ ചടങ്ങുകൾ സംഘടിപ്പിക്കുന്നത്. സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ വിളിച്ചോതുന്ന വിധത്തിൽ, കൊൽക്കത്തയിലടക്കം വിപുലമായ ആഘോഷങ്ങളാണ് നടക്കുന്നത്.

*********************

## RAIN-KERALA

കേരളത്തിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവും നൽകിയിട്ടുണ്ട്. തുലാവർഷം തെക്കേ ഇന്ത്യയിൽ ഇന്ന് എത്താൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*********************

## PM-ASIAN GAMES

2026-ലെ ഏഷ്യൻ ഗെയിംസിൽ പങ്കെടുത്ത ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സംവദിക്കും. ജപ്പാനിലെ ഐച്ചി-നഗോയയിൽ നടന്ന ഏഷ്യൻ ഗെയിംസിൽ 21 സ്വർണ്ണവും 27 വെള്ളിയും 37 വെങ്കലവും ഉൾപ്പെടെ 85 മെഡലുകൾ നേടിയ ഇന്ത്യ, മെഡൽ പട്ടികയിൽ നാലാം സ്ഥാനത്തെത്തിയിരുന്നു.

*********************

## VOTERS LIST

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി കേരളത്തിൽ ഇന്ന് മുതൽ ഈ മാസം 31 വരെ പ്രത്യേക യജ്ഞം നടക്കും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിച്ചിട്ടുണ്ട്.

*********************

## CMRL Case

സിഎംആർഎൽ എക്സാലോജിക് പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരുടെ അപ്പീൽ ഹർജി ഹൈക്കോടതി തള്ളി. കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ നൽകിയ ഉപഹർജികളാണ് കോടതി തള്ളിയത്. സിംഗിൾ ബെഞ്ച് ഉത്തരവ് ഹർജിക്കാരൻ്റെ അവകാശങ്ങളെ ഹനിക്കുന്നില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.

*********************

*************

*****